# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:19.07.2025**

### പ്രധാനവാർത്തകൾ

1. പാർലമെന്റിന്റെ വർഷകാല സമ്മേളനത്തിന് മറ്റെന്നാൾ തുടക്കമാകും; സർവകക്ഷി യോഗം നാളെ ന്യൂഡൽഹിയിൽ.
2. വികസിത ഇന്ത്യ എന്ന ലക്ഷ്യത്തിലേക്ക് മുന്നേറുമ്പോൾ, സാങ്കേതികവിദ്യയിലും നൂതനാശയത്തിലും രാജ്യം സ്വയംപര്യാപ്തമാകണമെന്ന് കേന്ദ്ര മന്ത്രി ധർമ്മേന്ദ്ര പ്രധാൻ.
3. സംസ്ഥാനത്തെ എല്ലാ വൈദ്യുതി ലൈനുകളുടെയും സുരക്ഷാ പരിശോധന സമയ ബന്ധിതമായി നടത്താൻ നിർദ്ദേശം നൽകിയതായി മന്ത്രി കെ കൃഷ്ണൻ കുട്ടി.
4. കൊല്ലം തേവലക്കരയിൽ സ്കൂളിൽ ഷോക്കേറ്റ് മരിച്ച വിദ്യാർത്ഥി, മിഥുന് നാടിൻറെ അന്ത്യാഞ്ജലി; സംസ്കാരം വീട്ടുവളപ്പിൽ നടന്നു.
5. സംസ്ഥാനത്ത് അടുത്ത അഞ്ച് ദിവസം ശക്തമായ മഴയ്ക്ക് സാധ്യത; വടക്കൻ ജില്ലകളിൽ ചുവപ്പ് ജാഗ്രത; മത്സ്യബന്ധനത്തിന് വിലക്ക്.
6. ഈ വർഷത്തെ സംസ്ഥാനതല ഓണാഘോഷ പരിപാടികൾ സെപ്റ്റംബർ മൂന്നു മുതൽ 9 വരെ.

&&&&&&&&&&&&&&&&&&&

RNUTVPM

## പാർലമെൻറ് -സമ്മേളനം

പാർലമെന്റിന്റെ വർഷകാല സമ്മേളനത്തിന് മുന്നോടിയായി കേന്ദ്ര സർക്കാർ വിളിച്ച സർവകക്ഷി യോഗം നാളെ. പാർലമെന്റിന്റെ ഇരുസഭകളുടെയും സുഗമമായ പ്രവർത്തനം ഉറപ്പാക്കുന്നതിന് എല്ലാ രാഷ്ട്രീയ പാർട്ടികളുടെയും സഹകരണം തേടാനാണ് യോഗം വിളിച്ചത്. തിങ്കളാഴ്ച ആരംഭിക്കുന്ന സമ്മേളനം അടുത്ത മാസം 21 വരെ നീളും. വർഷകാലസമ്മേളനത്തിൽ നിരവധി സുപ്രധാന നിയമനിർമാണങ്ങളും ചർച്ചകളും നടക്കും.

&&&&&&&&&&&&&&&&&&

## ധർമ്മേന്ദ്ര പ്രധാൻ- പാല ക്കാട്

2047-ഓടെ വികസിത ഇന്ത്യ എന്ന ലക്ഷ്യത്തിലേക്ക് മുന്നേറുമ്പോൾ, ലോകോത്തര അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കണമെന്നും സാങ്കേതികവിദ്യയിലും നൂതനാശയത്തിലും നാം സ്വയംപര്യാപ്തരാകണമെന്നും കേന്ദ്ര മന്ത്രി ധർമ്മേന്ദ്ര പ്രധാൻ. പാലക്കാട് ഐ ഐ റ്റി യിൽ ഏഴാമത് ബിരുദദാന സമ്മേളനത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. പത്ത് വർഷത്തെ കാലയളവിനുള്ളിൽ, അക്കാദമിക് മികവ്, ഗവേഷണം, നൂതനാശയം, സംരംഭകത്വം എന്നിവയുടെ മികച്ച കേന്ദ്രമായി പാലക്കാട് ഐ ഐ റ്റി പരിണമിച്ചുവെന്നും ശ്രീ ധർമ്മേന്ദ്ര പ്രധാൻ അഭിപ്രായപ്പെട്ടു.

RNUTVPM

&&&&&&&&&&&&&&&&&&

## ആരോഗ്യമന്ത്രി-ഉജ്ജ്വല ബാല്യം

ഓരോ കുഞ്ഞും വ്യത്യസ്തരായതിനാൽ അവരുടെ കഴിവുകൾ തിരിച്ചറിഞ്ഞ് പ്രോത്സാഹിപ്പിക്കണമെന്ന് മന്ത്രി വീണാ ജോർജ്. ബാല ഭിക്ഷാടനവും ബാലവേലയും പൂർണമായും ഇല്ലാതാക്കുകയാണ് ലക്ഷ്യമെന്നും മന്ത്രി പറഞ്ഞു. തിരുവനന്തപുരത്ത് ഉജ്ജ്വലബാല്യം പുരസ്കാര വിതരണം നിർവഹിക്കുകയായിരുന്നു മന്ത്രി. 54 കുഞ്ഞുങ്ങൾക്കാണ് ഇന്ന്

പുരസ്കാരങ്ങൾ നൽകിയത്.

&&&&&&&&&&&&&&&&&&

തേവലക്കര - മിഥുൻ

കൊല്ലം തേവലക്കരയിൽ സ്കൂളിൽ ഷോക്കേറ്റ് മരിച്ച വിദ്യാർത്ഥി മിഥുൻറെ സംസ്കാരം വീട്ടുവളപ്പിൽ നടന്നു. തേവലക്കര സ്കൂളിൽ പൊതു ദർശനത്തിനു വച്ച മൃതദേഹത്തിൽ നിരവധി പേർ അന്ത്യാഞ്ജലി അർപ്പിച്ചു. വീട്ടിലും മിഥുന് അന്തിമോപചാരമർപ്പിക്കാൻ നിരവധി പേരാണ് എത്തിയത്.

&&&&&&&&&&&&&&&&&&

മന്ത്രി വി ശിവൻകുട്ടി - തേവലക്കര

തേവലക്കര അപകടത്തിൽ ശക്തമായ നടപടി സ്വീകരിക്കാൻ മുഖ്യമന്ത്രി പിണറായി വിജയൻ നിർദ്ദേശം നൽകിയതായി മന്ത്രി വി ശിവൻകുട്ടി. എവിടെയെങ്കിലും ഇത്തരത്തിൽ അപകടകരമായ രീതിയിൽ വൈദ്യുതികമ്പികൾ ഉണ്ടെങ്കിൽ അടിയന്തിരമായി നടപടി എടുക്കാൻ നിർദേശം നൽകിയിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു

RNUTVPM

&&&&&&&&&&&&&&&&&&

മന്ത്രി കൃഷ്ണൻ കുട്ടി

സംസ്ഥാനത്തെ എല്ലാ വൈദ്യുതി ലൈനുകളുടെയും സുരക്ഷാ പരിശോധന സമയ ബന്ധിതമായി നടത്താൻ വൈദ്യുത മന്ത്രി കെ കൃഷ്ണൻ കുട്ടി നിർദ്ദേശം നൽകി. വൈദ്യുതി ലൈനുകളുടെ സുരക്ഷാ പരിശോധന കാര്യക്ഷമമായും സമയബന്ധിതമായും പൂർത്തിയാക്കുന്നതിന് KSEBL ഉം ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റും അടിയന്തര നടപടികൾ സ്വീകരിക്കണമെന്നും പൊതുവിദ്യാഭ്യാസ വകുപ്പിൻറെ സഹകരണത്തോടെ എനർജി മാനേജ്മെൻറ് സെൻറർ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കണമെന്നും മന്ത്രി നിർദ്ദേശം നൽകി.

&&&&&&&&&&&&&&&&&&

## കാലാവസ്ഥ

സംസ്ഥാനത്ത് അടുത്ത അഞ്ച് ദിവസം ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഇന്ന് മലപ്പുറം മുതൽ കാസർഗോഡ് വരെയുള്ള ജില്ലകളിൽ ചുവപ്പ് ജാഗ്രതയാണ്. നാളെ കണ്ണൂർ, കാസർകോട് ജില്ലകളിൽ ചുവപ്പ് ജാഗ്രതയും എറണാകുളം മുതൽ വയനാട് വരെ ഓറഞ്ച് ജാഗ്രതയും നൽകിയിട്ടുണ്ട്. മലയോര മേഖലയിലേക്കുള്ള രാത്രി സഞ്ചാരം പൂർണമായി ഒഴിവാക്കണമെന്നും, മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ, സാധ്യതയുള്ള പ്രദേശങ്ങളിലുള്ളവർ സുരക്ഷിതമായ സ്ഥലത്തേക്ക് മാറി താമസിക്കണമെന്നും സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി നിർദ്ദേശം നൽകി. കോട്ടയം ജില്ലയിലെ വിനോദസഞ്ചാരകേന്ദ്രങ്ങളായ ഇലവീഴാപൂഞ്ചിറ, ഇല്ലിക്കൽക്കല്ല്, എന്നിവിടങ്ങളിലെ പ്രവേശനം നാളെ വരെ നിരോധിച്ചിട്ടുണ്ട്.

RNUTVPM

&&&&&&&&&&&&&&&&&&&

## കണ്ണൂർ-മഴ (ഇൻട്രോ)

കണ്ണൂരിൽ മഴ തുടരുന്നു. മലയോര പ്രദേശങ്ങളിൽ ഒറ്റപ്പെട്ട ശക്തമായ മഴ പെയ്യുന്നുണ്ട് മഴക്കെടുതിയും രൂക്ഷമാണ്. ജില്ലയിൽ പലയിടങ്ങളിലും വീടുകൾക്ക് കേടുപാടുണ്ടായി . കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ ഒ ശശിധരൻ

(ഹോൾഡ്-വോയ്സ്)

&&&&&&&&&&&&&&&&&&&

## ഉയർന്ന തിരമാല-ജാഗ്രത

സംസ്ഥാനത്ത് തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ തീരങ്ങളിൽ ഉയർന്ന തിരമാലയ്ക്കും കടലാക്രമണത്തിനും സാധ്യതയുണ്ടെന്ന് ദേശീയ സമുദ്രസ്ഥിതിപഠന ഗവേഷണ കേന്ദ്രം അറിയിച്ചു.

മോശം കാലാവസ്ഥ കണക്കിലെടുത്ത് കേരള- കർണാടക- ലക്ഷദ്വീപ് തീരങ്ങളിൽ ഈ മാസം 22 വരെ മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി. 22വരെ ശക്തമായ കാറ്റിനും സാധ്യതയുണ്ട്.

&&&&&&&&&&&&&&&&&&

## വാമനപുരം നദി

ജലനിരപ്പ് അപകടകരമായ രീതിയിൽ ഉയർന്നതിനെ തുടർന്ന് തിരുവനന്തപുരം ജില്ലയിലെ വാമനപുരം നദിയിൽ സംസ്ഥാന ജലസേചന വകുപ്പ് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. നദിയിൽ ഇറങ്ങാനോ, മുറിച്ചു കടക്കാനോ പാടില്ല. തീരത്തോട് ചേർന്ന് താമസിക്കുന്നവർ ജാഗ്രത പാലിക്കണമെന്ന് മുന്നറിയിപ്പുണ്ട്.

&&&&&&&&&&&&&&&&&&

## മലങ്കര അണക്കെട്ട്

മലങ്കര അണക്കെട്ടിലെ ജലനിരപ്പ് ഉയരുന്ന സാഹചര്യത്തിൽ, അണക്കെട്ടിന്റെ ഷട്ടറുകൾ കൂടുതൽ ഉയർത്തി വെള്ളം പുറത്തേക്ക് ഒഴുക്കുമെന്ന് അധികൃതർ അറിയിച്ചു. ഇത് മൂലം തൊടുപുഴയാറിലെയും മൂവാറ്റുപുഴയാറിലെയും ജലനിരപ്പ് ഉയരാൻ സാധ്യതയുള്ളതിനാൽ നദികളുടെ ഇരു കരകളിലും താമസിക്കുന്നവർ ജാഗ്രത പാലിക്കണം.

RNU TVPM

&&&&&&&&&&&&&&&&&&

## നല്ല വാർത്ത

ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം അവതരിപ്പിക്കുന്ന പ്രത്യേക പരിപാടിയായ "നല്ല വാർത്ത"എല്ലാ ശനിയാഴ്ചയും വൈകുന്നേരം 6.40 ന് പ്രക്ഷേപണം ചെയ്യുന്നതാണ്. ഇന്നത്തെ പ്രാദേശിക വാർത്തകൾക്ക് ശേഷം നല്ല വാർത്ത കേൾക്കാവുന്നതാണ്.

&&&&&&&&&&&&&&&&&&

## ഓണം വാരാഘോഷം

സംസ്ഥാനതല ഓണാഘോഷ പരിപാടികൾ സെപ്റ്റംബർ മൂന്നു മുതൽ 9 വരെ സംഘടിപ്പിക്കാൻ തീരുമാനം. സെപ്റ്റംബർ 9ന് ഘോഷയാത്രയോടെ തിരുവനന്തപുരത്ത് സമാപിക്കും. ജില്ലാതലത്തിലും ഓണാഘോഷ പരിപാടികൾ നടത്തും. ഓണം വാരാഘോഷവുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രി പിണറായി വിജയൻ്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിലാണ് തീരുമാനം. ഓണാഘോഷം വിപുലമായി സംഘടിപ്പിക്കുന്നതിന് വിവിധ വകുപ്പുകൾ ഏകോപിതമായി നീങ്ങണമെന്ന് മുഖ്യമന്ത്രി നിർദ്ദേശിച്ചു.

&&&&&&&&&&&&&&&&&&

<u>ഇടുക്കി (ഇൻട്രോ)</u>

തദ്ദേശീയ മേഖലയിൽ നിലവിലുള്ളതും അന്യം നിന്നു പോകുന്നതുമായ പാരമ്പര്യ കലകൾക്ക് പുതുജീവൻ നൽകാൻ "ജന ഗൽസ' പദ്ധതിയുമായി കുടുംബശ്രീ.

**വിശദാംശങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ..........**

**(വോയിസ്)**

&&&&&&&&&&&&&&&&&&

<u>.മന്ത്രി എം ബി രാജേഷ്</u>

മാലിന്യമുക്തം നവകേരളം ക്യാമ്പയിൻ്റെ ഭാഗമായി വൃത്തിയുള്ള പൊതുയിടങ്ങൾ സൃഷ്ടിക്കുന്നതിനായി എല്ലാ മാസവും മൂന്നാമത്തെ ശനിയാഴ്ച ജനകീയ ശുചീകരണം നടത്തുമെന്ന് മന്ത്രി എം ബി രാജേഷ്. മാലിന്യ സംസ്കരണത്തിലും ശുചിത്വ പരിപാലനത്തിലുമെല്ലാം കേരളം കൈവരിക്കുന്ന മാതൃകാപരമായ നേട്ടം സുസ്ഥിരമായി നിലനിർത്തുകയാണ് ജനകീയ ശുചീകരണ പരിപാടിയിലൂടെ ലക്ഷ്യമിടുന്നത്. പരിപാടിയുടെ സംസ്ഥാനതല ഉദ്ഘാടനം മന്ത്രി തൃശൂർ വടക്കാഞ്ചേരിയിൽ നിർവഹിച്ചു.

&&&&&&&&&&&&&&&&&&

RNU/TVPM

## തിരഞ്ഞെടുപ്പ് കമ്മീഷണർ

തദ്ദേശസ്ഥാപനങ്ങളിലെ പൊതുതിരഞ്ഞെടുപ്പിന് മുന്നോടിയായി വോട്ടർപട്ടിക പുതുക്കുന്നതിനുള്ള കരട് ഈ മാസം 23 നും അന്തിമപട്ടിക അടുത്ത മാസം 30 നും പ്രസിദ്ധീകരിക്കുമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ. 2025 ലെ പൊതുതിരഞ്ഞെടുപ്പ് മുന്നൊരുക്കങ്ങൾ വിശദീകരിക്കുന്നതിനായി തിരുവനന്തപുരത്ത് നടത്തിയ രാഷ്ട്രീയപാർട്ടി പ്രതിനിധികളുടെ യോഗത്തിൽ സംസാരിക്കുകയായിരുന്നു കമ്മീഷണർ. ത്രിതലപഞ്ചായത്തുകളിലും നഗരസഭകളിലും വോട്ടെടുപ്പിന് ഉപയോഗിക്കുന്ന ഇലക്ട്രോണിക് വോട്ടിങ് മെഷീനുകളുടെ ആദ്യഘട്ട പരിശോധന അടുത്ത മാസം 25 നകം പൂർത്തിയാക്കുമെന്നും കമ്മീഷണർ അറിയിച്ചു.

&&&&&&&&&&&&&&&&&&

## സണ്ണി ജോസഫ്

പി എം കുസും - പദ്ധതിയുമായി ബന്ധപ്പെട്ട് പൊതുമേഖലാ സ്ഥാപനമായ അനർട്ടിൽ 100 കോടി രൂപയുടെ അഴിമതി നടന്നുവെന്ന ആരോപണത്തിൽ അന്വേഷണത്തിന് ഉത്തരവിടാൻ മുഖ്യമന്ത്രി തയ്യാറാകാത്തത് ഭയം മൂലമാണെന്ന് കെപിസിസി അധ്യക്ഷൻ സണ്ണി ജോസഫ്. കഴിഞ്ഞ അഞ്ചു വർഷമായി അനർട്ടിൽ നടക്കുന്ന മുഴുവൻ ഇടപാടുകളും ഒരു സ്വതന്ത്ര ഏജൻസിയെ കൊണ്ട് അന്വേഷിക്കണമെന്നും ശ്രീ സണ്ണി ജോസഫ് ആവശ്യപ്പെട്ടു.

&&&&&&&&&&&&&&&&&&

## ജൻ സുരക്ഷാ പദ്ധതി-ബോധവൽക്കരണം

കേന്ദ്ര സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കിയ വിവിധ ജന സുരക്ഷാ പദ്ധതികളെക്കുറിച്ചുള്ള ബോധവൽക്കരണവും അംഗങ്ങളെ ചേർക്കുന്നതിനുള്ള ക്യാമ്പും ഇന്ന് കണ്ണൂർ, അഞ്ചരക്കണ്ടിയിൽ നടന്നു. പഞ്ചായത്ത് പ്രസിഡൻറ് കെ പി ലോഹിതാക്ഷൻ ഉദ്ഘാടനം ചെയ്തു.

RNU TVPM

&&&&&&&&&&&&&&&&&&

## കാലിക്കറ്റ് യൂണിവേഴ്സിറ്റി

കാലിക്കറ്റ് യൂണിവേഴ്സിറ്റി സെനറ്റ് യോഗത്തിൽ ബഹളം. അംഗങ്ങളുടെ നേതൃത്വത്തിൽ പ്രതിഷേധ മാർച്ച് നടന്നതിനെ തുടർന്ന് യോഗം പൂർത്തിയാക്കാനാവാതെ വൈസ് ചാൻസിലർ പി. രവീന്ദ്രൻ ഇറങ്ങിപ്പോയി.

&&&&&&&&&&&&&&&&&&

## ഐസർ

തിരുവനന്തപുരത്തെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് എഡ്യൂക്കേഷൻ ആൻഡ് റിസർച്ച് ൻറെ 13-ാമത് ബിരുദദാന സമ്മേളനം ഇന്ന് നടന്നു. ഭാരത് ബയോടെക് ഇൻറർനാഷണൽ ലിമിറ്റഡ് സ്ഥാപകനും എക്സിക്യൂട്ടീവ് ചെയർമാനുമായ ഡോ. കൃഷ്ണ എല്ല മുഖ്യാതിഥിയായി.

&&&&&&&&&&&&&&&&&&

## കോഴിക്കോട്-മൃതദേഹം

കോഴിക്കോട് മുക്കത്ത് ഇരുവഴിഞ്ഞി പുഴയിൽ വയോധികയുടെ മൃതദേഹം കണ്ടെത്തി. തിരുവമ്പാടി സ്വദേശിനി ആയിഷയുടെ മൃതദേഹമാണ് കണ്ടെത്തിയത്. ഇവരെ ഇന്ന് രാവിലെ മുതൽ വീട്ടിൽ നിന്നും കാണാതായിരുന്നു.

&&&&&&&&&&&&&&&&&&

## മനുഷ്യാവകാശ കമ്മീഷൻ

കോഴിക്കോട് മെഡിക്കൽ കോളേജിൽ ചികിത്സ നിഷേധിച്ചതിനെ തുടർന്ന് മലപ്പുറം സ്വദേശിനിയായ പെൺകുട്ടി മരിച്ച സംഭവത്തിൽ, സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ സ്വമേധയാ കേസെടുത്തു.കോഴിക്കോട് മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ രണ്ടാഴ്ചക്കകം റിപ്പോർട്ട് സമർപ്പിക്കണം.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

&&&&&&&&&&&&

RNUTVPM